III. സബ്മിഷൻ

(1) ഫ്ളഡ് വർക്കുകൾ നടപ്പാക്കുന്നതിന് റവന്യൂവകുപ്പിൽ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി ആർ. ലതാദേവി : സർ, നമ്മുടെ സംസ്ഥാനത്ത് ഫ്ളഡ് വർക്കുകൾ നടപ്പാക്കുന്നതിൽ ഇന്ന് വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ട്. ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസുകൾവഴി നിർവ്വഹിക്കപ്പെടുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വർക്ക് കൊടുത്തുകഴിഞ്ഞാൽ പിന്നെ ബന്ധപ്പെട്ട വകുപ്പിന് യാതൊരു ബന്ധവുമില്ല. ബ്ലോക്ക് പഞ്ചായത്തുകളുടെ സെക്രട്ടറി കൂടിയായ ബി.ഡി.ഒ.മാർ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വലിയ ജോലിഭാരം പേറുകയാണ്. ആയതിനാൽ സമയത്ത് എസ്റ്റിമേറ്റ് എടുപ്പിക്കുന്നതിനോ ഗുണഭോക്തൃ കമ്മിറ്റികളെ നിയമിക്കുന്നതിനോ കഴിയുന്നില്ലെന്നു മാത്രമല്ല, പലപ്പോഴും കൺവീനർമാരെ ആശ്രയിച്ചുള്ള എസ്റ്റിമേറ്റുകളാണ് തയ്യാറാക്കുന്നത്. ഗവൺമെന്റ് ചെലവഴിക്കുന്ന പണം ജനോപകാരപ്രദമായിട്ട് ചെലവഴിക്കുന്നതിന് പല സ്ഥലങ്ങളിലും സാധിക്കുന്നില്ല. കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി എടുക്കാനും ബന്ധപ്പെട്ട വകുപ്പിന് സാധിക്കുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. ഈ വർക്കുകളുടെ നടത്തിപ്പ് സംബന്ധമായി യാതൊരു റിവ്യൂവും എങ്ങും നടക്കുന്നില്ല. ആയതിനാൽ എം.എൽ.എ.മാർ ചെയർമാൻമാരായിട്ടുള്ള റിവ്യൂ കമ്മിറ്റികൾ അടിയന്തിരമായി രൂപീകരിക്കേണ്ടതാണ്. ഫ്ളഡ് വർക്കുകൾ റവന്യൂ വകുപ്പ് നേരിട്ട് എക്സിക്യൂട്ട് ചെയ്യണം. അതിന് താലൂക്കടിസ്ഥാനത്തിൽ റവന്യൂ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : നിലവിലുള്ള നിയമപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പണികളിൽ അഞ്ചു ലക്ഷം രൂപവരെ ഭരണാനുമതിക്കുള്ള പണികൾ വികസന ബ്ലോക്കുകൾ വഴിയാണ് നിർവ്വഹിക്കപ്പെടുന്നത്. വികസന ബ്ലോക്കുകൾ ബെനിഫിഷ്യറി കമ്മിറ്റികൾ രൂപീകരിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹിക്കപ്പെടുന്നത്. അഞ്ചു ലക്ഷം രൂപയ്ക്കുമേൽ ഭരണാനുമതി തുകയുള്ള പണികൾ പൊതുമരാമത്തു വകുപ്പുവഴിയും മുനിസിപ്പൽ പ്രദേശങ്ങളിൽ അനുവദിക്കുന്ന പണികൾ ഭരണാനുമതി എത്രതന്നെയായാലും മുനിസിപ്പാലിറ്റി വഴിയും കോർപ്പറേഷൻ പ്രദേശങ്ങളിൽ അനുവദിക്കുന്ന പണികൾ ഭരണാനുമതി തുക എത്രതന്നെയായാലും പൊതുമരാമത്തു വകുപ്പു വഴിയും ആണ് ജില്ലാ കളക്ടർമാർ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ഈ പണികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് ബ്ലോക്ക്, മുനിസിപ്പാലിറ്റി, പൊതുമരാമത്തു വകുപ്പ് എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിലാണ്. എന്നാൽ വികസന ബ്ലോക്കുകളിൽ പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ധാരാളം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. എം.എൽ.എ.മാരും മറ്റ് ജനപ്രതിനിധികളും സാധാരണ ജനങ്ങളുമൊക്കെതന്നെ പരാതികളിൽ ഈ പ്രശ്നങ്ങൾ ഉൾപ്പെടുന്നുണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് റൂറൽ ഡെവലപ്പ്മെന്റ് കമ്മിഷണർക്ക് നിർദ്ദേശം നൽകാൻ ഗ്രാമവികസന വകുപ്പുമന്ത്രിക്ക് ഞാൻതന്നെ നേരിട്ട് കത്ത് അയച്ചിട്ടുണ്ട്. ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. തുടർന്നും വികസന പ്രവൃത്തികളിൽ ഫ്ളഡ് വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാലതാമസം വരികയും ആക്ഷേപം ഉണ്ടാകാൻ ഇടവരികയും ചെയ്യുന്നുവെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടാൽ ജില്ലാ കളക്ടറേറ്റുകൾ കേന്ദ്രീ

LIBRARY ARCHIVES Kerala Legislative Assembly

കരിച്ച് റവന്യൂ വകുപ്പ് പ്രത്യേകം എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. ഇത് മോണിറ്റർ ചെയ്യുന്നതിന് ജില്ലാതലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) വർക്കല കുരയ്ക്കണ്ണി ഗവൺമെന്റ് എൽ.പി. സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം

ശ്രീ. എ.അലി ഹസ്സൻ : വർക്കല വിദ്യാഭ്യാസ ഉപജില്ലയിലെ വർക്കല നഗരസഭാതിർത്തിയിലുള്ള കുരയ്ക്കണ്ണി ഗവൺമെന്റ് എൽ.പി. സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണമെന്നുള്ള അഭ്യർത്ഥനയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഏറ്റവും പഴക്കമുള്ളതും പ്രസിദ്ധമായതുമായ ഒരു സ്കൂളാണ് കുരയ്ക്കണ്ണി ഗവൺമെന്റ് എൽ.പി. സ്കൂൾ. അവിടെ വിദ്യാർത്ഥികളുടെ എണ്ണം കൂടുകയും ഡിവിഷൻ വർദ്ധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1982-83 വിദ്യാഭ്യാസ വർഷം ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി. 1997-ൽ എം.പി. ഫണ്ട് ഉപയോഗിച്ച് അഞ്ചു ലക്ഷത്തോളം രൂപ ചെലവു ചെയ്ത് നാലു ക്ലാസ് റൂമുകളുള്ള മറ്റൊരു കെട്ടിടം കൂടി പൂർത്തിയാക്കി. പി.ടി.എ.യും നഗസഭയും ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡി.പി.ഐ.ക്കും ഗവൺമെന്റിനും നിവേദനം നൽകുകയുണ്ടായി. ആവശ്യമുള്ള ഫർണിച്ചറും മറ്റു സാധനങ്ങളും പി.ടി.എ. വാങ്ങിക്കൊടുക്കുകയും ചെയ്തു. 10.11.1998-ൽ ഷിഫ്റ്റിംഗ് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡി.പി.ഐ. ഗവൺമെന്റിലേയ്ക്ക് ഒരു പ്രൊപ്പോസലും അയച്ചു. നിർഭാഗ്യവശാൽ 22.2.1999-ൽ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന ഒറ്റ കാരണം പറഞ്ഞ് ഈ പ്രൊപ്പോസൽ തള്ളിക്കളഞ്ഞിരിക്കുകയാണ്. ഏതാണ്ട് എട്ട് ഡിവിഷനും അഞ്ച് അദ്ധ്യാപകരും മാത്രമുള്ള ഈ സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ച് അദ്ധ്യയനം കാര്യക്ഷമമാക്കുന്നതിന് അടിയന്തിര അനുവാദം നൽകണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വർക്കല ഗവൺമെന്റ് എൽ.പി. സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനെ സംബന്ധിച്ചുണ്ടായ നടപടികൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വിശദീകരിക്കുകയുണ്ടായി. 10.11.1998-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ ഒരു പ്രൊപ്പോസൽ നൽകുകയുണ്ടായി. അത് ധനകാര്യ വകുപ്പിന് അയച്ചുകൊടുത്തപ്പോൾ സാമ്പത്തിക ബാദ്ധ്യതമൂലം ഷിഫ്റ്റ് സമ്പ്രദായം ഇപ്പോൾ നിർത്താൻ കഴിയുകയില്ല എന്നുള്ള റിപ്ലൈ കിട്ടിയകാര്യവും അദ്ദേഹം പറയുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ ഇതിനുള്ള പ്രൊപ്പോസൽ ഒന്നുകൂടി ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(3) പള്ളുരുത്തി മണ്ഡലത്തിലെ ഉദയത്തുംവാതിൽ-കാമോത്ത് റോഡുപണി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, സാധാരണഗതിയിൽ ഇതുപോലൊരു സംഗതി നിയമസഭയിൽ സബ്മിഷനായി കൊണ്ടുവരേണ്ടതില്ലെന്ന് എനിക്കറിയാം. നിവൃത്തിയില്ലാത്തതുകൊണ്ട് കൊണ്ടുവന്നതാണ്. എം.എൽ.എ. റോഡ് പൂർത്തിയാക്കാത്തത് എം.എൽ.എ.യുടെ കഴിവുകേട് കൊണ്ടാ

LIBRARY ARCHIVES Kerala Legislative Assembly